# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ: B2/54/2025-SEC തീയതി: 03-06-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

വരണാധികാരി, കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റി &

ജില്ലാ കളക്ടർ, എറണാകുളം

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-കൊച്ചി ആസൂത്രണ കമ്മിറ്റിയിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്-കാര്യപരിപാടി അറിയിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1.04.04.2025 ലെ സ.ഉ.(അ) നം.19/2025/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം (എസ് ആർ ഒ നം.388/2025).
2.11.04.2025 ലെ സ.ഉ (എം.എസ്) നം.68/2025/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
3.03.05.2025 ലെ സ.ഉ.(അ) നം.26/2025/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം (എസ് ആർ ഒ നം.565/2025).
4.വരണാധികാരിയെ നിയമിച്ചുകൊണ്ടുള്ള 28.05.2025 ലെ 13/2025/സം.തി.ക നമ്പർ വിജ്ഞാപനം.

കൊച്ചി മെട്രോപൊളിറ്റൻ പ്രദേശത്തിന് വേണ്ടി കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് 54 (3) വകുപ്പ് പ്രകാരം കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെ 10 അംഗങ്ങളെയും അതിന്റെ ചെയർമാനെയും കമ്മീഷന്റെ മാർഗ്ഗനിർദ്ദേശത്തിലും മേൽനോട്ടത്തിലുമാണ് തിരഞ്ഞെടുക്കേണ്ടത്. ഇപ്രകാരം തിരഞ്ഞെടുപ്പ് നടത്തുന്നതിന് എറണാകുളം ജില്ലാ കളക്ടറെ സൂചന (4) വിജ്ഞാപന പ്രകാരം വരണാധികാരിയായി കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്.

2) സൂചന (1) പ്രകാരം കൊച്ചി മെട്രോപൊളിറ്റൻ പ്രദേശത്തെ, 29 ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാരിൽ നിന്ന് 4 അംഗങ്ങളെയും 9 മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാരിൽ നിന്ന് 2 അംഗങ്ങളെയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്ന് 4 അംഗങ്ങളെയും ഉൾപ്പെടെ 10 അംഗങ്ങളെയാണ് മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കേണ്ടത്. സൂചന (2)-ലെ ഉത്തരവ് പ്രകാരം, തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും 2 (രണ്ട്) അംഗങ്ങളെയും, മുനിസിപ്പൽ കൗൺസിലർമാരിൽ നിന്നും 1 (ഒന്ന്) അംഗത്തെയും, മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്നും 2 (രണ്ട്) അംഗങ്ങളെയും വനിതകൾക്ക് സംവരണം ചെയ്തിട്ടുള്ളതോടൊപ്പം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും 1 (ഒന്ന്) അംഗത്തെ പട്ടികജാതി വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്. സംവരണസ്ഥാനത്ത് നിന്ന് തിരഞ്ഞെടുക്കപ്പെടുന്നയാൾ ആ വിഭാഗത്തിൽപ്പെട്ടയാൾ ആയിരിക്കേണ്ടതാണ്.

3) ചുവടെയുള്ള പട്ടികയുടെ (2)-ാം കോളത്തിൽ പറയുന്ന യോഗത്തിൽ വച്ച് (3) ാം കോളത്തിൽ അതിന് നേരെ കാണിച്ചിട്ടുള്ള അത്രയും അംഗങ്ങളെ (4)ാം കോളത്തിൽ അതിന് നേരെ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്. (5) ാം കോളത്തിൽ സംവരണമില്ലാത്ത സ്ഥാനങ്ങളാണ് കാണിച്ചിട്ടുള്ളത്, അതായത് :-

പട്ടിക

| ക്രമ നം (1) | നടത്തേണ്ട തിരഞ്ഞെടുപ്പ് യോഗങ്ങൾ (2) | ഓരോ യോഗത്തിലും വച്ച് തിരഞ്ഞെടുക്കേണ്ട അംഗങ്ങളുടെ എണ്ണം (3) | സംവരണവിഭാഗവും അതിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണവും (4) | | ജനറൽ (5) |
|---|---|---|---|---|---|
| | | | SC | Women | |
| 1. | ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം | 4 | 1 | 2 | 1 |
| 2. | മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം | 2 | 0 | 1 | 1 |
| 3. | മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം | 4 | 0 | 2 | 2 |
| **ആകെ** | | **10** | **1** | **5** | **4** |

4) മേൽ പട്ടികയിൽ പറയുന്ന പ്രകാരം അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം ചുവടെ പറയുന്ന ക്രമത്തിൽ ചുവടെ പറയുന്ന തീയതികളിൽ വരണാധികാരി വിളിച്ച് ചേർക്കേണ്ടതാണ്, അതായത്,

**(1) ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം : 17/06/2025, രാവിലെ 11.00 മണി**

**(2) മുനിസിപ്പൽ കൗൺസിലുകളിലെ**
**കൗൺസിലർമാരുടെ യോഗം : 18/06/2025, രാവിലെ 11.00 മണി**

**(3) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**
**കൗൺസിലർമാരുടെ യോഗം : 19/06/2025, രാവിലെ 11.00 മണി**

5) കൊച്ചി മെട്രോപൊളിറ്റൻ പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാർ എന്നിവർക്കാണ് ഓരോരുത്തർക്കും മേൽപ്രകാരം നിശ്ചയിച്ച ദിവസം തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്യാൻ അർഹതയുണ്ടായിരിക്കുന്നത്. 7 പൂർണ്ണ ദിവസത്തെ നോട്ടീസാണ് തിരഞ്ഞെടുപ്പ് സംബന്ധിച്ച് സമ്മതിദായകർക്ക് നൽകേണ്ടത്. <u>നോട്ടീസിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു.</u> ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം അനുസരിച്ചുള്ള വോട്ട് രീതിയാണ് കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റിയിലെ

അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് സ്വീകരിക്കേണ്ടത്. കേരള മുനിസിപ്പാലിറ്റി ആക്ട് 54(3) പ്രകാരം, കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെ 10 അംഗങ്ങളെ മേൽപ്രകാരം തിരഞ്ഞെടുത്തതിന് ശേഷം അവരിൽ നിന്നും ഒരാളെ കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റിയുടെ ചെയർമാനായി തിരഞ്ഞെടുക്കേണ്ടതാണ് (മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റിയുടെ ചെയർമാൻ തിരഞ്ഞെടുപ്പിനുള്ള നോട്ടീസിന്റെ മാതൃക പിന്നീട് നൽകുന്നതാണ്). ഇതിലേയ്ക്ക് കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു യോഗം വരണാധികാരി **01/07/2025, രാവിലെ 11 മണിക്ക്** വിളിച്ച് ചേർക്കേണ്ടതാണ്. മുനിസിപ്പൽ ചെയർപേഴ്സൺ തിരഞ്ഞെടുപ്പിൽ ബാധകമായ ചട്ടങ്ങൾ, ആവശ്യമായ ഭേദഗതികളോടെയുള്ള നടപടിക്രമമാണ് മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റി ചെയർമാൻ തിരഞ്ഞെടുപ്പിന് സ്വീകരിക്കേണ്ടത്. 3 ദിവസത്തെ നോട്ടീസാണ് പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് അംഗങ്ങൾക്ക് നൽകേണ്ടത്.

6) മേൽപ്പറഞ്ഞ തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. തിരഞ്ഞെടുപ്പ് യോഗം ചേരുന്നതിനുള്ള സ്ഥലം, സമയം, എന്നിവയും മറ്റ് വിശദാംശങ്ങളും കാണിച്ച് വരണാധികാരി തിരഞ്ഞെടുപ്പ് നോട്ടീസ് നൽകേണ്ടതാണ്. കൂടാതെ ഓരോ തിരഞ്ഞെടുപ്പിനും യോഗ മിനിട്ട്സ് തയ്യാറാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 03-06-2025 14:35:46

PRAKASH.B.S
SECRETARY

പകർപ്പ്:-

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്
(ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അറിവിലേയ്ക്കായി)

ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിമാർക്ക്
(ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാരുടെ അറിവിലേയ്ക്കായി)

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക്
(കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ അറിവിലേയ്ക്കായി)

ഡയറക്ടർ (റൂറൽ), ഡയറക്ടർ (അർബൻ)

ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), എറണാകുളം

# <u>തിരഞ്ഞെടുപ്പ് നോട്ടീസ്</u>

നമ്പർ : തീയതി,

**വിഷയം :- കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി – അംഗങ്ങളുടെ തിരഞ്ഞെടുപ്പ് – സമ്മതിദായകർക്കുള്ള നോട്ടീസ് – സംബന്ധിച്ച്.**

**സൂചന :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ........................... തീയതിയിലെ B2/54/2025-SEC നമ്പർ കത്ത്.**

കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൊച്ചി മെട്രോപൊളിറ്റൻ പ്രദേശത്തെ, 29 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന് 4 അംഗങ്ങളെയും, 9 മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാരിൽ നിന്ന് 2 അംഗങ്ങളെയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്ന് 4 അംഗങ്ങളെയും ഉൾപ്പെടെ 10 അംഗങ്ങളെയാണ് കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കേണ്ടത്. ഓരോ യോഗത്തിലും വച്ച് തിരഞ്ഞെടുക്കേണ്ട അംഗങ്ങളുടെ എണ്ണവും തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട സംവരണവും ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

<u>**പട്ടിക**</u>

| **ക്രമ നം** (1) | **നടത്തേണ്ട തിരഞ്ഞെടുപ്പ് യോഗങ്ങൾ** (2) | **ഓരോ യോഗത്തിലും വച്ച് തിരഞ്ഞെടുക്കേണ്ട അംഗങ്ങളുടെ എണ്ണം** (3) | **സംവരണവിഭാഗവും അതിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണവും** (4) | | **ജനറൽ** (5) |
|---|---|---|---|---|---|
| | | | SC | Women | |
| 1. | ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം | 4 | 1 | 2 | 1 |
| 2. | മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം | 2 | 0 | 1 | 1 |
| 3. | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം | 4 | 0 | 2 | 2 |
| **ആകെ** | | **10** | **1** | **5** | **4** |

കൊച്ചി മെട്രോപൊളിറ്റൻ പ്രദേശത്തെ 29 ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, 9 മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാർ എന്നിവർക്കാണ് കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അർഹതയുള്ളത്. കൊച്ചി മെട്രോപൊളിറ്റൻ പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ വിവരം 04.04.2025 ലെ സ.ഉ(പി)നം.19/2025/ത.സ്വ.ഭ.വ നമ്പർ (SRO

No.388/2025) വിജ്ഞാപനത്തിൽ ലഭ്യമാണ് – (**അനുബന്ധം-1**).

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന കത്തിൽ നിർദ്ദേശിച്ച പ്രകാരം മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാരിൽ നിന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിലെ കൗൺസിലർമാരിൽ നിന്നും കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തുന്നതിന് ചുവടെപ്പറയുന്ന സമയക്രമം നിശ്ചയിച്ച് അറിയിക്കുന്നു, അതായത് ;

| **ക്രമ നം.** | **വിളിച്ച ചേർക്കേണ്ട തിരഞ്ഞെടുപ്പ് യോഗം** | **തീയതി** | **സമയം** | **സ്ഥലം** | **തിരഞ്ഞെടുപ്പിലെ സമ്മതിദായകർ** |
|---|---|---|---|---|---|
| 1. | ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം | | | | ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ |
| 2. | മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാരുടെ യോഗം | | | | മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാർ |
| 3. | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിലെ കൗൺസിലർമാരുടെ യോഗം | | | | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർ |

മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ കൗൺസിലുകളിലെ കൗൺസിലർമാർ , കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിലെ കൗൺസിലർമാർ എന്നിവർ മേൽപ്പറഞ്ഞ പ്രകാരം അവരവർക്ക് നിശ്ചയിച്ച ദിവസവും സമയവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ/ മുനിസിപ്പൽ കൗൺസിലിലെ കൗൺസിലർമാർ/ മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാർ ആണെന്നുള്ള ഔദ്യോഗിക തിരിച്ചറിയൽ രേഖകൾ സഹിതം തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

ഏതെങ്കിലും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ കൗൺസിലിലെ കൗൺസിലർമാർ, മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാർ എന്നിവർ പട്ടികയിൽ പറയുന്ന സ്ഥാനങ്ങളിലേയ്ക്ക് മത്സരിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, 1995-ലെ കേരള മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങൾ ഫാറം – 1 ലുള്ള നാമനിർദ്ദേശ പത്രിക അവരവർക്ക് നിശ്ചയിച്ച ദിവസം തിരഞ്ഞെടുപ്പ യോഗം ആരംഭിക്കുന്നതിന് നിശ്ചയിച്ച സമയത്തിന് ............... മിനിട്ട് മുമ്പ് വരണാധികാരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. പട്ടികയിലെ അതത് സംവരണ വിഭാഗങ്ങൾക്ക് സംവരണം ചെയ്ത സ്ഥാനത്തേയ്ക്ക് ആ വിഭാഗത്തിൽപ്പെട്ട ആളിന് മാത്രമേ നാമനിർദ്ദേശപത്രിക സമർപ്പിക്കാൻ കഴിയൂ. ഓരോ യോഗത്തിലും സംവരണസ്ഥാനത്തേയ്ക്കാണ് ആദ്യം തിരഞ്ഞെടുപ്പ് നടത്തുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള തിരഞ്ഞെടുപ്പിൽ പട്ടികജാതിക്ക് സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേയ്ക്കാണ് ആദ്യം തിരഞ്ഞെടുപ്പ് നടത്തുന്നത്.

അംഗത്തിന്റെ സംവരണസ്ഥാനത്തേയ്ക്ക് നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ഒരു സമ്മതിദായകൻ ഏത് സംവരണവിഭാഗത്തിലേയ്ക്കാണ് മത്സരിക്കുന്നതെന്ന വിവരം നാമനിർദ്ദേശ പത്രികയിൽ പ്രത്യേകമായി സൂചിപ്പിക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിയ്ക്ക് തന്റെ സ്ഥാനാർത്ഥിത്വം യോഗത്തിൽ വച്ച് പിൻവലിക്കാവുന്നതാണ്.

1995-ലെ കേരള മെട്രോപൊളിറ്റൻ ആസൂത്രണകമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങൾ (2025-ൽ വരുത്തിയ ഭേദഗതി വ്യവസ്ഥകൾ ഉൾപ്പടെ) പ്രകാരമാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. ബാലറ്റിന്റെ മാതൃക ചട്ടത്തിൽ ഫാറം 2 ആയി ചേർത്തിട്ടുണ്ട്. ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം അനുസരിച്ച്, രഹസ്യ വോട്ടിലൂടെയാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. വോട്ടിന്റെ രഹസ്യസ്വഭാവം ലംഘിക്കുകയാണെങ്കിൽ ആ സമ്മതിദായകന് നൽകിയ ബാലറ്റ് പേപ്പർ റദ്ദാക്കുന്നതാണ്. കൂടാതെ ഒരു സ്ഥാനാർത്ഥിയ്ക്കും വോട്ടു രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒന്നിലധികം സ്ഥാനാർത്ഥികളുടെ പേരിന് നേരെ ഒരേ മുൻഗണന നൽകി വോട്ട് രേഖപ്പെടുത്തിയിട്ടുള്ളതോ, വോട്ട് ചെയ്ത സമ്മതിദായകന്റെ ഒപ്പോ, എഴുത്തോ

സമ്മതിദായകനെ തിരിച്ചറിയാനുതകുന്ന ഏതെങ്കിലും അടയാളമോ രേഖപ്പെടുത്തലുകളോ ഉള്ള ബാലറ്റ് പേപ്പറുകൾ അസാധുവായി കണക്കാക്കുന്നതാണ്.

തിരഞ്ഞെടുപ്പ് യോഗം നടത്തുന്നതിന് നിശ്ചയിച്ച ദിവസം ഒരു ആകസ്മിക പൊതു അവധിയായി സർക്കാരോ, ജില്ലാ കളക്ടറോ പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ............... മണിയ്ക്ക് അതേ സ്ഥലത്ത് വച്ച് തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.

വരണാധികാരി

സ്വീകർത്താവ്

1. കൊച്ചി മെട്രോപൊളിറ്റൻ പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
   (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

2. കൊച്ചി മെട്രോപൊളിറ്റൻ പ്രദേശത്തെ എല്ലാ മുനിസിപ്പൽ കൗൺസിലുകളിലെയും
   കൗൺസിലർമാർക്കും/മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിമാർക്കും
   (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

3. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ എല്ലാ കൗൺസിലർമാർക്കും/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്കും.(നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)